# The Plantation Corporation of Kerala Ltd

(An ISO 9001:2015 Certified Company under Government of Kerala)
**Registered Office: KOTTAYAM-686 004**
CIN:U01119KL1962SGC001997
0481 2578301, 2578302, 2578303, 2578304 Fax:0481 2578448 E-mail:pckltd@bsnl.in Web www.pcklimited.in


പി&എ/എഫ്- 2010 05.08.2025

**വിജ്ഞാപനം**

**പ്ലാന്റേഷൻ കോർപ്പറേഷന്റെ മണ്ണാർക്കാട് എസ്റ്റേറ്റിലേക്ക് ദിവസ വേതന തൊഴിലാളികളായി തെരഞ്ഞെടുക്കപ്പെടുന്നതിനു യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.** അപേക്ഷകൾ നേരിട്ടോ തപാൽ മാർഗ്ഗമോ മണ്ണാർക്കാട് എസ്റ്റേറ്റ് ഓഫീസിൽ സമർപ്പിക്കാവുന്നതാണ്.

| എസ്റ്റേറ്റ് | ഒഴിവുകൾ |
|---|---|
| മണ്ണാർക്കാട് | 60 |
| **ആകെ** | 60 |

ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടിക പ്രാബല്ല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് 1 വർഷവും ഏറ്റവും കൂടിയത് 2 വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെട്ടന്ന റാങ്ക് പട്ടികയ്ക്ക് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. റാങ്ക് പട്ടിക പ്രാബല്ല്യത്തിലിരിക്കുന്ന സമയത്ത് ഉണ്ടാകുന്ന ഒഴിവുകളിലേക്ക് പ്രസ്തുത പട്ടികയിൽ നിന്ന് നിയമനം നടത്തുന്നതാണ്.

ഈ വിജ്ഞാപനപ്രകാരം ഈ തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾ ഏതെങ്കിലും ഒരു എസ്റ്റേറ്റിലെ ഒഴിവിലേക്ക് മാത്രം അപേക്ഷ സമർപ്പിക്കേണ്ടതും, ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ എസ്റ്റേറ്റുകളിലേക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളതായോ തൻനിമിത്തം തെരഞ്ഞെടുക്കപ്പെടുവാനോ ഇടയായതായോ തെളിഞ്ഞാൽ പ്രസ്തുത അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

**നിയമന രീതി** : നേരിട്ടുള്ള നിയമനം.

**പ്രായപരിധി** :18-50 ഉദ്യോഗാർത്ഥികൾ 02.01.1975-നും 01.01.2007-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പടെ) (പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും). കശുമാവ് പ്ലാന്റേഷൻ മേഖലയിൽ കുറഞ്ഞത് 3 വർഷം പ്രവർത്തി പരിചയമുള്ളവർക്ക് ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതായിരിക്കും

**യോഗ്യതകൾ**

1. ഏഴാം സ്റ്റാൻഡേർഡ് പാസ്സായിരിക്കണം, എന്നാൽ ബിരുദം നേടിയിരിക്കുവാൻ പാടില്ല. (അപേക്ഷകർ ബിരുദം യോഗ്യത നേടിയിട്ടില്ല എന്ന് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന മാതൃകയിലുള്ള സമ്മതപത്രം കൂടി അപേക്ഷക്കൊപ്പം സമർപ്പിക്കേണ്ടതാണ്)
2. തോട്ടങ്ങളിൽ ജോലി ചെയ്യാനുള്ള ശാരീരിക ക്ഷമതയുണ്ടായിരിക്കണം

**നിയമന മാനദണ്ഡങ്ങൾ**

തെരഞ്ഞെടുപ്പിന് അപേക്ഷകരുടെ കാഴ്ച പരിശോധന, BMI പരിശോധന, ഇന്റർവ്യൂ എന്നിവ ഉണ്ടായിരിക്കുന്നതാണ്. ഇന്റർവ്യൂവിനും, മറ്റു പരിശോധനകൾക്കുമായി ഉദ്യോഗാർത്ഥികൾ കോർപ്പറേഷൻ നിശ്ചയിക്കുന്ന സ്ഥലത്തും, സമയത്തും ഹാജരാകേണ്ടതാണ്.

**അപേക്ഷ സമർപ്പിക്കേണ്ട രീതി**

ഈ നോട്ടിഫിക്കേഷനോടൊപ്പമുള്ള അപേക്ഷാ ഫോറം പൂരിപ്പിച്ച് ***മണ്ണാർക്കാട് എസ്റ്റേറ്റ് , തെങ്കര, മണ്ണാർക്കാട് പി.ഓ., പാലക്കാട് – 678582*** എന്ന മേൽ വിലാസത്തിൽ നേരിട്ടോ, തപാൽ മാർഗമോ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷക്കൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവർത്തിപരിചയം, ജാതി, നോൺ ക്രീമിലെയർ എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും, അപേക്ഷകന്റെ/അപേക്ഷകയുടെ 6 മാസത്തിനുള്ളിലെടുത്ത ഒരു ഫോട്ടോ എന്നിവയും സമർപ്പിക്കേണ്ടതാണ്.

**അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി**

***30/08/2025 വൈകിട്ട് 5 മണി*** - അവസാന തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല

06/08/25

മാനേജിംഗ് ഡയറക്ടർ

## എസ്റ്റേറ്റ് തൊഴിലാളി നിയമനത്തിനുള്ള അപേക്ഷാ ഫോറം

1. അപേക്ഷ സമർപ്പിക്കുന്ന എസ്റ്റേറ്റ് :
2. അപേക്ഷകന്റെ പേര് :
3. പിതാവിന്റെ/ഭർത്താവിന്റെ പേര് :
4. ജനനത്തീയതി :
5. പ്രായം
   (വിജ്ഞാപനത്തിന്റെ അവസാന തീയതി പ്രകാരം) :
6. ലിംഗം : (പുരുഷൻ/സ്ത്രീ/മറ്റുള്ളവ)
7. വിഭാഗം (SC/ST/OBC/Gen/EWS) :
8. സ്ഥിരം മേൽ വിലാസം :
9. ഫോൺ നമ്പർ :
10. വിദ്യാഭ്യാസ യോഗ്യത :
11. പ്രവൃത്തി പരിചയം (ഉണ്ടെങ്കിൽ) :

| സ്ഥാപനത്തിന്റെ പേര് | തസ്തിക | തൊഴിൽ കാലയളവ് | ജോലിയുടെ സ്വഭാവം |
|---|---|---|---|
| | | | |

12. അധിക യോഗ്യതകൾ (ഉണ്ടെങ്കിൽ) :

13. രേഖകൾ (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ )
   - ☐ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ
   - ☐ ജാതി/വിഭാഗം സർട്ടിഫിക്കറ്റ്
   - ☐ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ്
   - ☐ ആധാർ കാർഡ്
   - ☐ പാസ്സ്പോർട്ട് സൈസ് ഫോട്ടോ
   - ☐ EWS സർട്ടിഫിക്കറ്റ്

☐ **നോൺ ക്രീമിലെയർ** സർട്ടിഫിക്കറ്റ് (ബാധകമായവർക്ക്)

## സത്യവാങ്മൂലം

.................................................................. എന്ന ഞാൻ മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പൂർണവും ശരിയുമാണ്. ഏതെങ്കിലും വിവരങ്ങൾ തെറ്റാണെന്ന് നിയമന നടപടികളിൽ എപ്പോഴെങ്കിലും കണ്ടെത്തിയാൽ എന്റെ അപേക്ഷ റദ്ദാക്കാൻ പ്ലാന്റേഷൻ കോർപ്പറേഷൻ അധികാരികൾക്ക് പൂർണമായും അധികാരം ഉണ്ടായിരിക്കും

പേര് :

സ്ഥലം :

ഒപ്പ് :

തീയതി :

പ്ലാന്റേഷൻ കോർപ്പറേഷനിലെ വിവിധ എസ്റ്റേറ്റുകളിലേക്ക് ........................ നമ്പർ പ്രകാരം വിജ്ഞാപനം ചെയ്ത തൊഴിലാളികളുടെ ഒഴിവുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്ന അവസാന തീയതിക്കോ അതിനു മുൻപോ യാതൊരുവിധ ബിരുദ യോഗ്യതയും നേടിയിട്ടില്ലെന്നും, ഇതിനു വിപരീതമായി ബിരുദം നേടിയിട്ടുള്ള വിവരം മറച്ചുവച്ച് അപേക്ഷ സമർപ്പിച്ചതായോ, തെരഞ്ഞെടുക്കപ്പെട്ടുവാൻ ഇടയായിട്ടുള്ളതായോ തെളിഞ്ഞാൽ പ്ലാന്റേഷൻ കോർപ്പറേഷന് എന്റെ നിയമനം അസാധുവാക്കുന്നതിന് സമ്മതമാണെന്ന് സത്യപ്രസ്താവന ചെയ്യുന്നു.

എന്ന്

സ്ഥലം :

ഉദ്യോഗാർത്ഥിയുടെ ഒപ്പ് :

തീയതി :

ഉദ്യോഗാർത്ഥിയുടെ പേര് :